# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1424 08.02.2013 - ൽ മറുപടിക്ക്**

## <u>മാവേലിക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ പള്ളം - ചത്തിയറ റോഡ് ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി നിർമ്മിക്കുന്നതിൽ എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (എ) സർക്കാരിൽ ലഭിച്ച പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ്, എം.എൽ.എ. യുടെ ശുപാർശ കത്തില്ലാതിരുന്നതിനാൽ 17.10.2012 - ൽ ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് എം.എൽ.എ. യുടെ ശുപാർശ കത്ത് സഹിതം തിരികെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) മണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) ഇതിനായി പൂർണ്ണമായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; | (സി) പൂർണ്ണമായി സ്ഥലം ലഭിച്ചിട്ടില്ല. |
| (ഡി) എങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ ? | (ഡി) എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ